## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 676 — 02/12/2014-ൽ മറുപടിക്ക്

## ആദിവാസി ശിശുമരണ റിപ്പോർട്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് ആകെ എത്ര ആദിവാസി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് ആകെ 162 ആദിവാസി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഏറ്റവും കൂടുതൽ ശിശുമരണങ്ങൾ ഏത് ആദിവാസി സങ്കേതത്തിലാണുണ്ടായതെന്ന് വെളിപ്പെടുത്താമോ; | (ബി) | യഥാസമയം ചികിത്സ തേടുന്നതിനും മറ്റും പ്രയാസമുള്ള ഗതാഗത സൗകര്യം കുറഞ്ഞ വിദൂരമായ സങ്കേതങ്ങളിലാണ് ശിശുമരണങ്ങൾ ഉണ്ടായിട്ടുള്ളത്. അട്ടപ്പാടിയിലെ മേലെക്കണ്ടിയൂരിലാണ് ശിശുമരണം കൂടുതൽ ഉണ്ടായിട്ടുള്ളത്. |
| (സി) | അമ്മമാരിലും ശിശുക്കളിലുമുള്ള പോഷകാഹാരക്കുറവും, വൈദ്യ സഹായക്കുറവും മൂലമാണ് ശിശുമരണം സംഭവിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) | പരിശോധിച്ചിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (ഡി) | ആദിവാസി മേഖലയിൽ പട്ടികവർഗ്ഗ സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാഹാരകുറവ് പരിഹരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഗുരുതരമായ പോഷകാഹാരകുറവ് അനുഭവപ്പെട്ട കുട്ടികളെ പരിചരിക്കുന്നതിന് ഈ മേഖലയിൽ റീ-ഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ വകുപ്പുവഴി വിവാഹിതരായ സ്ത്രീകൾക്ക് അയൺ ഫോളിക് ആസിഡ് ഗുളികയും വിതരണം നടത്തുന്നുണ്ട്. കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷണ ഭക്ഷണ വിതരണം ചെയ്യുന്ന "ശബല പദ്ധതി," സാമൂഹ്യനീതി വകുപ്പിന്റ സമൂഹ അടുക്കള പദ്ധതി "അമൃതം ന്യൂട്രിമിക്സ്" എന്നിവ വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നു. ഗർഭിണികളായ സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രതിമാസം 1000/- രൂപ വീതം ധനസഹായം അനുവദിക്കുന്ന "ജനനി ജന്മരക്ഷ" പദ്ധതി നടപ്പാക്കി വരുന്നു. ടി. തുക മണി ഓർഡർ ആയി ഗുണഭോക്താക്കളുടെ കൈകളിൽ തന്നെ എത്തിക്കുന്നു. |
| (ഇ) | ആദിവാസി മേഖലയിൽ പോഷകാഹാരം നൽകുന്നതിനും, വൈദ്യ സഹായം നൽകുന്നതിനും 2014-15 വർഷത്തിൽ എത്ര തുക നീക്കിവച്ചെന്നും ഇതിനകം എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ? | (ഇ) | സംസ്ഥാന സർക്കാർ ആദിവാസികളായ സ്ത്രീകളും, കുട്ടികളും, വൃദ്ധരും അനുഭവിക്കുന്ന പോഷകാഹാരകുറവ് ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്ലാൻ ശീർഷകത്തിൽ നടപ്പുവർഷം 52199 ലക്ഷം രൂപയും നോൺപ്ലാൻ ശീർഷകത്തിൽ 6866 ലക്ഷം രൂപയും 3% പദ്ധതി വിഹിതമായി ലഭിച്ചിട്ടുള്ള 13922 ലക്ഷം രൂപയും ചേർത്ത് ആകെ 72987 ലക്ഷം രൂപ വിവിധ ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ വഴിയും, വകുപ്പിലൂടെയും നടപ്പാക്കുന്ന 84 പദ്ധതികളിലുമായി വിനിയോഗിച്ച് വിവിധ വികസന ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**